IT

LAB 29-06-14 Vol-I

1

പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1487 13/06/2014-ൽ മറുപടിയ്ക്ക്

**കേര കർഷകർക്ക് വേണ്ടിയുള്ള പദ്ധതികൾ**

| ചോദ്യം<br>ശ്രീ. കെ. ദാസൻ | മറുപടി<br>**ശ്രീ . കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
|---|---|
| എ) കേര കർഷകർക്കായി നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാം ; | എ) 2014-15 വർഷത്തിൽ 4500 ലക്ഷം രൂപയുടെ പദ്ധതികൾ കേര കൃഷി വികസനത്തിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്നതാണ്. തെങ്ങിൻ തോട്ടങ്ങളുടെ സംയോജിത കൃഷി പരിപാലനം, ഹൈബ്രിഡ്-എലൈറ്റ് തെങ്ങിൻ തൈകളുടെ ഉൽപാദനം, കേര ക്ലസ്റ്ററുകൾക്കുള്ള ധനസഹായം, തെങ്ങുകയറ്റ യന്ത്രങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ധനസഹായം എന്നിവയാണ് പദ്ധതി ഘടകങ്ങൾ. കൂടാതെ നാളികേര വികസന ബോർഡ് 519.17 ലക്ഷം രൂപ അടങ്കൽ തുകവരുന്ന പദ്ധതികളും സംസ്ഥാനത്ത് നടപ്പിലാക്കുന്നതാണ്. |
| ബി) കേര കർഷകരുടെ ഉന്നമനത്തിനായി സംസ്ഥാനത്ത് നാളികേര ഉൽപ്പാദക സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ടോ; | ബി) ഉണ്ട്. |
| സി) നാളികേര ഉദ്പാദക സംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ എന്തെല്ലാം; | സി) കുറഞ്ഞത് 10 തെങ്ങുകളുള്ള ഏതൊരു കർഷകനും അതാത് പ്രദേശത്തെ നാളികേര ഉൽപാദക സംഘത്തിൽ അംഗമാകാം. പ്രവേശന ഫീസ് 100 രൂപയും, വാർഷിക വരിയായി 20 രൂപയും നൽകേണ്ടതാണ്. ഈ ഉൽപാദക സംഘങ്ങൾ ചാരിറ്റബിൾ സൊസൈറ്റി ആക്ടിൻ കീഴിൽ രജിസ്റ്റർ ചെയ്തിരിക്കണം. ഇങ്ങനെ രജിസ്റ്റർ ചെയ്ത നാളികേര ഉൽപാദക സംഘങ്ങൾ നാളികേര വികസന ബോർഡിൽ കൂടി രജിസ്റ്റർ ചെയ്യേണ്ടതാണ്. |
| ഡി) കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നാളിതു വരെ എത്ര നാളികേര ഉദ്പാദക സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്; എവിടെയെല്ലം; ഉല്പാദക സംഘത്തിന്റെ പേര്, വിലാസം, സംഘത്തിന്റെ ഭാരവാഹികളുടെ പേര് എന്നിവ സഹിതം വ്യക്തമാക്കാമോ; | ഡി) കൊയിലാണ്ടി താലൂക്കിൽ നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്ത 374 നാളികേര ഉൽപാദക സംഘങ്ങളും 15 നാളികേര ഫെഡറേഷനുകളും ഒരു നാളികേര ഉൽപാദക കമ്പനിയും രൂപീകരിച്ചിട്ടുണ്ട്. മേലടി, ബാലുശ്ശേരി, പന്തലായനി, പേരാമ്പ്ര, കൊയിലാണ്ടി മുനിസിപ്പാലിറ്റി എന്നീ ബ്ലോക്കുകളിലായാണ് |

രൂപീകരിച്ചിട്ടുള്ളത്. നാളികേര വികസന ബോർഡ് ലഭ്യമാക്കിയ കോഴിക്കോട് ജില്ലയിലെ നാളികേര ഉദ്പാദക സംഘങ്ങളുടെ പേര്, വിലാസം, ഭാരവാഹികളുടെ പേര് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

| | | |
|---|---|---|
| ഇ) | **കൊയിലാണ്ടിയിൽ കൂടുതൽ പ്രദേശങ്ങളിൽ നാളികേര ഉദ്പാദക സംഘങ്ങൾ രൂപീകരിക്കാൻ നടപടികൾ ഉണ്ടാകുമോ?** | ഇ) നാളികേര വികസന ബോർഡ് ഇതിനായി നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

Snehamol

**സെക്ഷൻ ഓഫീസർ**

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**